നല്കുന്നതിന് ആവശ്യമായ തുക കണ്ടെത്തുന്നതിലേക്കായി 1999-2000 അദ്ധ്യയന വർഷം മുതൽ നിക്ഷേപം സ്വീകരിക്കുന്ന നടപടി പുനഃരാരംഭിച്ചു.

(എഫ്) ഇല്ല.

(ജി) ഉദിക്കുന്നില്ല.

59 (477) എഞ്ചിനീയറിംഗ് ഡിപ്ലോമ, ഡിഗ്രിതലത്തിൽ പാർട്ട്-ടൈം പഠനം

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :

ശ്രീ. സി.ടി. അഹമ്മദ് അലി :

ശ്രീ. എം.കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എഞ്ചിനീയറിംഗ് ഡിപ്ലോമ, ഡിഗ്രി തലത്തിൽ പാർട്ട്-ടൈം പഠനം ഇപ്പോൾ എവിടെയൊക്കെയാണ് നിലവിലുള്ളത്;

(ബി) പ്രസ്തുത കോഴ്സുകളിലേയ്ക്ക് ഉള്ള പ്രവേശനത്തിന് സംവരണ തത്വങ്ങൾ പാലിക്കപ്പെടാറുണ്ടോ;

(സി) 1999-2000 വർഷത്തിൽ ഓരോ സ്ഥാപനങ്ങളിലും പ്രവേശനം നേടിയവരുടെ മെറിറ്റ് ലിസ്റ്റും സംവരണ ലിസ്റ്റും ലഭ്യമാക്കുമോ?

ഉത്തരം

(എ) സെൻട്രൽ പോളിടെക്നിക് വട്ടിയൂർക്കാവ് തിരുവനന്തപുരം, മഹാരാജാസ് ടെക്നോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, തൃശ്ശൂർ, ഗവണ്മെന്റ് പോളിടെക്നിക് കളമശ്ശേരി, കോഴിക്കോട്, കോട്ടയം, പാലക്കാട് കണ്ണൂർ എന്നിവിടങ്ങളിൽ എഞ്ചിനീയറിംഗ് ഡിപ്ലോമ പാർട്ട്-ടൈം പഠനം നിലവിലുണ്ട്. തിരുവനന്തപുരം, തൃശ്ശൂർ, കണ്ണൂർ എന്നിവിടങ്ങളിലെ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും കൊല്ലത്തെ തങ്ങൾക്കുഞ്ഞ് മുസലിയാർ എഞ്ചിനീയറിംഗ് കോളേജുകളിലുമാണ് എഞ്ചിനീയറിംഗ് ഡിഗ്രി പാർട്ട്-ടൈം പഠനം നിലവിലുള്ളത്.

(ബി) പ്രസ്തുത കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് സംവരണ തത്വം പാലിക്കാറുണ്ട്.

(സി) ടി സ്ഥാപനങ്ങളിലെ പ്രവേശന നടപടികൾ പൂർത്തിയായിട്ടില്ല.

60 (478) ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്റർ നടത്തുന്ന കോഴ്സുകൾ

ശ്രീ. കെ. മുഹമ്മദാലി :

ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്റർ എന്തെല്ലാം കോഴ്സുകൾ നടത്തുന്നുണ്ട്;

(ബി) ഇവയ്ക്ക് സംസ്ഥാന സർക്കാരിന്റെയും സർവകലാശാലയുടെയും അംഗീകാരം ലഭിച്ചിട്ടുണ്ടോ:

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ ഏതെല്ലാം കോഴ്സുകൾക്കെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാന ഗവണ്മെന്റിന്റെയും സർവ്വകലാശാലയുടെയും അംഗീകാരമില്ലാത്ത കോഴ്സുകൾക്കുള്ള സാംഗിറ്റിറ്റി എന്താണ്;

(ഇ) ഈ സ്ഥാപനത്തിന് കോഴ്സുകൾ നടത്താനുള്ള നിയമ പരമായ അവകാശം എന്തെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഓഫ് സെറ്റ് പ്രിന്റിംഗ്, കമ്പ്യൂട്ടർ & ഡി.ടി.പി., ഓഫീസ് ഓട്ടോമേഷൻ & സെയിൽസ്മാൻ ഷിപ്പ്, ഇലക്ട്രോണിക് ടൈപ്പിംഗ്, വേർഡ് പ്രോസസിംഗ് & ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നീ 6 മാസം ദൈർഘ്യമുള്ള സർട്ടിഫിക്കറ്റ് കോഴ്സുകളും മോഡേൺ റിപ്രോഗ്രാഫിക് എക്യുപ്മെന്റ്, ട്രെയിനിംഗ് ഇൻ ഇലക്ട്രോണിക് ടൈപ്പിംഗ്, ഫോട്ടോകോപ്പിയർ, ഫാക്സ്, കമ്പ്യൂട്ടറൈസ്ഡ് ടെലക്സ്, ട്രയിനിംഗ് ഇൻ ഡി.പി.റ്റി., ഡാറ്റാ എൻട്രി ആന്റ് കൺസോൾ ഓപ്പറേഷൻ, ട്രെയിനിംഗ് ഇൻ ഇലക്ട്രോണിക് ടൈപ്പിംഗ്, ട്രെയിനിംഗ് ഇൻ മൾട്ടി മീഡിയ എന്നീ 6 മാസത്തിൽ താഴെ കാല ദൈർഘ്യമുള്ള ഹ്രസ്വകാല കോഴ്സുകളുമാണ് ആഡിയോവിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്റർ നടത്തി വരുന്നത്.

(ബി)&(സി) സർട്ടിഫിക്കറ്റ് കോഴ്സുകൾക്ക് എല്ലാം സർക്കാർ അംഗീകാരം ലഭിച്ചിട്ടുണ്ട്.

(ഡി) സെന്റർ നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സുകൾ സർക്കാർ അംഗീകരിച്ചിട്ടുള്ളതാണ്. ഈ കോഴ്സുകളുടെ അവസാന പരീക്ഷ നടത്തുന്നതും സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റാണ്.

സർട്ടിഫിക്കറ്റ് കോഴ്സുകളും ഷോർട്ട് ടേം കോഴ്സുകളും തൊഴിലധിഷ്ഠിതങ്ങളാണ്. കമ്പ്യൂട്ടർ ഇലക്ട്രോണിക്, പ്രിന്റിംഗ്, റിപ്രോഗ്രാഫി മേഖലകളിൽ സംസ്ഥാനത്തിനകത്തും പുറത്തും തൊഴിൽ നേടുന്നതിനും സ്വന്തമായി തൊഴിൽ ചെയ്യുന്നതിനും വിദേശത്ത് തൊഴിൽ നേടുന്നതിനും യുവതീയുവാക്കളെ പ്രാപ്തരാക്കുന്നതിനാണ് ട്രെയിനിംഗ് കോഴ്സുകൾ നടത്തി വരുന്നത്. ഈ കോഴ്സുകളിൽ ചേരുന്നതിനുള്ള കുറഞ്ഞ യോഗ്യത എസ്.എസ്.എൽ.സി. ആയതിനാൽ ഈ കോഴ്സുകൾക്ക് സർവ്വകലാശാല തലത്തിലുള്ള അംഗീകാരം ആവശ്യമില്ല.

(ഇ) 28-4-92 ലെ ജി.ഒ(എം.എസ്)73/92/എച്ച്.ഇ. പ്രകാരം സർക്കാർ അംഗീകരിച്ച സെന്ററിന്റെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ ഇനം II-15 പ്രകാരം പ്രസ്തുത സെന്ററിന് കമ്പ്യൂട്ടർ, ഇലക്ട്രോണിക് ഉപകരണങ്ങൾ, പ്രിന്റിംഗ് റിപ്രോഗ്രാഫി എന്നിവയിൽ ട്രെയിനിംഗ് നടത്താവുന്നതാണ്.

61 (479) കേരള സർവകലാശാലയിലെ ടൈപ്പിസ്റ്റുകളുടെ നിയമനം

ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയിലും അതിന്റെ കീഴിലുള്ള വിവിധ ഓഫീസുകളിലും ടൈപ്പിസ്റ്റുകളുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly